LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി താലൂക്കാശുപത്രിയിലെ നെഫ്രോളജി യൂണിറ്റ്

196 (1562) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി താലൂക്കാശുപത്രിയിലെ നിർദ്ദിഷ്ട നെഫ്രോളജി യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് പൂർത്തീകരിച്ച നടപടികൾ വിശദീകരിക്കുമോ?

തിരുരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ 15 മെഷീനുകളുടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഡയാലിസിസ് യൂണിറ്റിലേയ്ക്ക് രണ്ട് ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിൽ 4 ഡയാലിസിസ് ടെക്നീഷ്യന്റെയും ഡയാലിസിസ് യൂണിറ്റിലേയ്ക്ക് 12 സ്റ്റാഫ് നഴ്സിന്റെയും താൽക്കാലിക നിയമനങ്ങൾ എച്ച്.എം.സി. മുഖേന നടത്തിയിട്ടുണ്ട്. തിരുരങ്ങാടി താലൂക്കാശുപത്രിയിൽ നെഫ്രോളജി യൂണിറ്റ് നിലവിൽ പ്രവർത്തിക്കുന്നില്ല.

സ്വകാര്യ ആശുപത്രികളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്

197 (1563) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ വിവിധ തരത്തിലുള്ള സർജറി, ചികിത്സ എന്നിവയ്ക്ക് വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങളിലെ അദ്ധ്യായം 6 ഖണ്ഡിക 19 പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും അവർ നൽകുന്ന ചികിത്സയുടെ നിരക്ക് ആ സ്ഥാപനത്തിൽ ശ്രദ്ധിക്കപ്പെടുന്ന സ്ഥലത്തും സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രദർശിപ്പിക്കേണ്ടതാണ്. എല്ലാ ആശുപത്രികളും ശരിയായരീതിയിൽ നിരക്കുകൾ പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് പ്രകാരമുള്ള

ആശുപത്രികളുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(സി) അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ആക്ഷേപം പൊതുജനങ്ങൾ ആർക്കാണ് സമർപ്പിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ?

അധിക ഫീസ് ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിലേയ്ക്കായി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018 പ്രകാരം രൂപീകരിച്ച പരാതിപരിഹാര സമിതി മുൻപാകെ സമർപ്പിക്കാവുന്നതാണ്.

സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ ചാർജ്ജ്

198 (1564) ഡോ. കെ. ടി. ജലീൽ
ശ്രീ. എം. വിജിൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സ്വകാര്യ ആശുപത്രികളിൽ കോവിഡ് ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കിയത് സംബന്ധിച്ചുണ്ടായ പരാതി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കൂടാതെ കോവിഡ് ചികിത്സയ്ക്ക് 50 ശതമാനം ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവിൽ പ്രതിപാദിച്ച പ്രധാന വിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ പത്രപരസ്യം എസ്.എച്ച്.എ. കേരളത്തിലെ എല്ലാ പത്രങ്ങളിലും നൽകിയിരുന്നു. പ്രസ്തുത പരസ്യത്തിൽ ചികിത്സാ നിരക്ക്, പരാതിപരിഹാര സംവിധാനങ്ങളുടെ വിവരം എന്നിവ ഉൾപ്പെടുത്തിയിരുന്നു. ചികിത്സാ നിരക്ക് നിജപ്പെടുത്തിയ തോടൊപ്പം അമിതചികിത്സ ഏതെങ്കിലും ആശുപത്രികൾ ഈടാക്കിയാൽ രോഗികൾക്ക് പരാതിപ്പെടാനുള്ള ജില്ലാ പരാതിപരിഹാര സംവിധാനത്തിനും സംസ്ഥാനതലത്തിൽ സ്റ്റേറ്റ് അപ്പലേറ്റ് അതോറിറ്റിക്കും രൂപം നൽകി.

LIBRARY ARCHIVES Kerala Legislative Assembly